സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം

എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ്

# സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് (CCD)

**2026 ജനുവരി സെഷൻ**

**പ്രവേശന പത്രിക**

സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളയുടെ ആഭിമുഖ്യത്തിലുള്ള എസ്.ആർ.സി കമ്മ്യൂണിറ്റി കോളേജ് 2026 ജനുവരി സെഷനിലെ **സർട്ടിഫിക്കറ്റ് ഇൻ കമ്മ്യൂണിറ്റി ഡെവലപ്മെന്റ്** (CCD) പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു. അംഗീകൃത പഠന കേന്ദ്രങ്ങളുടെ സഹായ ത്തോടെയാണ് തിയറി പ്രാക്ടിക്കൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. ആറുമാസം ദൈർഘ്യ മുള്ള സർട്ടിഫിക്കറ്റ് പ്രോഗ്രാമിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. CD001: Social Work & Development
2. CD002: Environment Education
3. CD003: Civic Sense
4. CD004: Project & Viva

ഓരോ വിഷയത്തിലും തയ്യാറാക്കിയിട്ടുള്ള സ്വയം പഠന സഹായികൾ, തിയറി ക്ലാസുകൾ, പ്രാക്ടിക്കൽ ക്ലാസുകൾ എന്നിവയിലൂടെയാണ് പഠനം പുരോഗമിക്കുന്നത്. പ്രോഗ്രാം വിജയ കരമായി പൂർത്തിയാക്കുന്നതിന് ക്ലാസുകളിൽ 80% ഹാജർ ഉറപ്പുവരുത്തണം. പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള അടിസ്ഥാന വിദ്യാഭ്യാസയോഗ്യത പത്താം ക്ലാസ്സ് പാസ്സ് അഥവാ തത്തുല്യമാണ്. അനൗപചാരിക തുടർവിദ്യാഭ്യാസ രംഗത്തുള്ള പ്രവർത്തകർക്കായി ഗുണമേ ന്മയുള്ള വിദ്യാഭ്യാസവും പരിശീലനവും നൽകുന്നതിന് രൂപം നൽകിയതാണ് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് എന്ന ഈ സർട്ടിഫിക്കറ്റ് പ്രോഗ്രാം. കേരളത്തിന്റെ പശ്ചാത്തലത്തിൽ സന്നദ്ധ പ്രവർത്തകരുടെ പരിശീലനത്തിനും വിദ്യാഭ്യാസത്തിനും ഉതകുന്ന തരത്തിൽ ചിട്ടപ്പെടുത്തിയിട്ടുള്ള ഒരു വിദ്യാഭ്യാസ പരിപാടിയാണിത്.

കോഴ്സിൽ ചേരുന്നതിനുള്ള ഫീസ് 5,000/- രൂപയാണ്. അപേക്ഷ ഫീസിനത്തിൽ 200/- രൂപ കൂടിചേർത്ത് 5,200/- രൂപയാണ് ആകെ പ്രോഗ്രാം ഫീസിനത്തിൽ അടയ്ക്കേണ്ടത്. തിയ റിയ്ക്കും പ്രാക്ടിക്കലിനും തുല്യ പ്രാധാന്യം നൽകിയാണ് ക്ലാസുകൾ സംഘടിപ്പിക്കുന്നത്. https://app.srccc.in/register എന്ന ലിങ്കിലൂടെ ആപ്ലിക്കേഷൻ ഓൺലൈനായി മാത്രം സമർപ്പിക്കുക. അപേക്ഷയോടൊപ്പം ഫോട്ടോ, ആധാർകാർഡ്, നിശ്ചിത വിദ്യാഭ്യാസയോഗ്യ തയുടെ സർട്ടിഫിക്കറ്റ് എന്നിവ മാത്രം അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപേക്ഷകൾ സമർപ്പി ക്കേണ്ട അവസാന തീയതി 2025 ഡിസംബർ 31. വിശദ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട വിലാസം ഡയറക്ടർ, സ്റ്റേറ്റ് റിസോഴ്സ് സെന്റർ, കേരളം, നന്ദാവനം, വികാസ്ഭവൻ പി.ഒ, തിരുവനന്തപുരം-33. ഫോൺ നം: 04712325101, 8281114464. അംഗീകൃത പഠനകേന്ദ്രങ്ങൾ വഴിയും ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. പഠന കേന്ദ്രങ്ങളുടെ വിശദാംശങ്ങളും ബന്ധപ്പെടേണ്ട ഫോൺ നമ്പറുകളും ചുവടെ ചേർക്കുന്നു.

| **List of Study Centres<br>Certificate in Community Development (CCD)** | | |
|---|---|---|
| 1 | Thiruvananthapuram | Life Foundation,<br>Poovar Road, Near Sreeragam Auditorium, Vlangamuri, Neyyattinkara, Thiruvananthapuram-695524, Ph. No: 9495766330 |
| 2 | Kollam | Bluebell Skill Academy, Near Railway Bridge, Nedumpaikulam, Kundara P. O., Kollam – 691501, Ph.No: 9400996669, 9447013760 |
| 3 | Kottayam | Sree Sabareesa College, Karunilam,<br>Mundakayam, Kottayam – 686513 , Ph. No: 9961323247 |

Pramod